കേരളത്തിലെ കമ്മ്യൂണിറ്റി പോലീസിംഗിനെ സംബന്ധിച്ച് കൊച്ചിയിൽ നടന്ന അന്താരാഷ്ട്ര സമ്മേളനത്തിൽ പ്രതിനിധികൾക്ക് ബോദ്ധ്യമാകുംവിധം വിശദീകരണങ്ങൾ നൽകിയിട്ടുള്ളതും അത് വിദേശ രാജ്യ പ്രതിനിധികളുടെ ശ്രദ്ധ പിടിച്ചുപറ്റിയിട്ടുള്ളതുമാണ്.

ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിനുള്ള നടപടികൾ

26(*58) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. വി. എൻ. വാസവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്;

(ബി) വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ :

(സി) തീർത്ഥാടകരുടെ സുരക്ഷ, ആരോഗ്യം എന്നിവയ്ക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി ഇതിനകം എന്തെല്ലാം പദ്ധതികൾ നടപ്പാക്കി എന്ന് വെളിപ്പെടുത്തുമോ;

(ഇ) ശബരിമല മാലിന്യ വിമുക്തമാക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : സർ,

(എ-സി) ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് എല്ലാ ക്രമീകരണങ്ങളും നടത്തിയിട്ടുണ്ട്. സന്നിധാനത്തുനിന്നും മാളികപ്പുറത്തേക്കുള്ള ഫ്ലൈ ഓവറിന് മേൽക്കൂര നിർമ്മിച്ചു. പമ്പയിൽ അയ്യപ്പഭക്തൻമാർക്ക് വിരിവയ്ക്കുന്നതിനും വിശ്രമത്തിനുമായി 20000 .സ്കയർഫീറ്റ് വിസ്തീർണ്ണമുള്ള ഒരു പന്തൽ നിർമ്മിച്ചു. പരമ്പരാഗത പാതയിൽ അപ്പാച്ചിമേട് ഭാഗത്തെ കഠിനമായ കയറ്റം കുറച്ച് പാത കോൺക്രീറ്റ് ചെയ്തു. പടികളും ബാരിക്കേഡുകളും നിർമ്മിച്ചു അപ്പാച്ചിമേട് നീലിമല ഭാഗത്ത് നാല് സ്ഥലങ്ങളിലായി കാനന പാതയിൽ മേൽക്കൂര നിർമ്മിച്ചു. അപ്പാച്ചിമേട്ടിൽ വിശ്രമ കേന്ദ്രം നിർമ്മിച്ചു. പമ്പ നിലയ്ക്കൽ, ശബരിമല എന്നിവിടങ്ങളിൽ 400 Kg/hr ശേഷിയുള്ള ഇൻസിനറേറ്റർ സ്ഥാപിച്ച് മാലിന്യ സംസ്കരണം നടത്തിവരുന്നു. ശബരിമല ഉത്സവത്തിന്റെ സുഗമമായ നടത്തിപ്പിന് ആവശ്യമായ പോലീസ് ക്രമീകരണങ്ങളുടെ നേതൃത്വം വഹിക്കുന്നതിന് ചീഫ് പോലീസ് കോ-ഓർഡിനേറ്റർ ആയി ദക്ഷിണമേഖല അഡിഷണൽ പോലീസ് ഡയറക്ടർ ജനറൽ ശ്രീ. പി. ചന്ദ്രശേഖരൻ ഐ.പി.എസ്.-നെയും പോലീസ് കോ-ഓർഡിനേറ്റർ ആയി തിരുവനന്തപുരം റെയ്ഞ്ച് പോലീസ് ഇൻസ്പെക്ടർ ജനറൽ ശ്രീ. എ. ഹേമചന്ദ്രൻ ഐ.പി.എസ്.-നെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സ്പെഷ്യൽ ലെയ്സൺ ഓഫീസർ ആയി പത്തനംതിട്ട ജില്ലാ പോലീസ് സൂപ്രണ്ടിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശബരിമല ദർശനത്തിന് എത്തുന്ന ഭക്തജനങ്ങൾക്ക് സുഗമമായ ദർശനം നടത്തുന്നതിന് സൗകര്യം ചെയ്തുകൊടുക്കുന്നതിന് കൂടുതൽ പോലീസുകാരെ സ്പെഷ്യൽ ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുണ്ട്. പമ്പയിലും സന്നിധാനത്തും പ്രത്യേകം പ്രത്യേകം പോലീസ് കൺട്രോളർമാരെ നിയോഗിച്ച് ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. പോലീസ് കമാന്റോസ്, ബോംബ് ഡിറ്റക്ഷൻ സ്കാഡുകൾ, ഇന്റലിജൻസ് വിഭാഗം തുടങ്ങിയവയും വിന്യസിച്ചിട്ടുണ്ട്. സംസ്ഥാന പോലീസിനെ കൂടാതെ സുരക്ഷാ ചുമതലകൾക്കായി ദ്രുതകർമ്മ സേനയെയും തമിഴ്നാട് പോലീസിനെയും വിന്യസിച്ചിട്ടുണ്ട്. സന്നിധാനം, വടശ്ശേരിക്കര, നിലയ്ക്കൽ എന്നിവിടങ്ങളിൽ താല്ക്കാലിക പോലീസ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ട്. ശബരിമലയിലെ സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി സന്നിധാനത്തും പമ്പയിലും നീലിമല, അപ്പാച്ചിമേട് വഴിയുള്ള തീർത്ഥാടന പാതയിലും പ്രധാനപ്പെട്ട 20 സ്ഥലങ്ങളിൽ High Speed Dome Camera കെൽട്രോണിന്റെ സഹായത്തോടെ സ്ഥാപിച്ചിട്ടുണ്ട്. പാർക്കിംഗ് സൗകര്യം സുഗമമാക്കുന്നതിന് പമ്പയുടെ സമീപ പ്രദേശങ്ങളായ ഹിൽടോപ്പ്, ത്രിവേണി, ചക്കുപാലം (1&2) എന്നിവ ചെറിയ വാഹനങ്ങൾക്ക് മാത്രമായി ക്രമീകരിക്കുകയും ചാലക്കയം-പമ്പ റോഡിനിരുവശവും പാർക്കിംഗ് നിരോധിക്കുകയും ചെയ്തിട്ടുണ്ട്. ശബരിമലയിലെ ഡിസ്പെൻസറികളായ സന്നിധാനം-അപ്പാച്ചിമേട്, നീലിമല പമ്പ നിലയ്ക്കൽ എന്നിവ മുഖേന ചികിത്സാ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കരിമല, പാണ്ടി, കാളകെട്ടി, അഴുത, എരുമേലി തുടങ്ങിയ സ്ഥലങ്ങളിൽ താല്ക്കാലിക ഡിസ്പെൻസറികളുണ്ട്. മൊബൈൽ ഡിസ്പെൻസറികളും സജ്ജമാക്കിയിട്ടുണ്ട്. ജനറൽ ആശുപത്രി പത്തനംതിട്ടയിൽ അടിയന്തിരഘട്ടങ്ങൾ നേരിടുന്നതിന് മെഡിസിന്റെ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പമ്പ മുതൽ സന്നിധാനം വരെ 11 ഓക്സിജൻ പാർലറുകൾ ഒരുക്കിയിട്ടുണ്ട്. അത്യാധുനിക ജീവൻരക്ഷാ ആംബുലൻസ് ഏർപ്പെടുത്തിയിട്ടുണ്ട്. ഫോഗിംഗ്, സ്പ്രേയിംഗ് എന്നീ മാർഗ്ഗങ്ങളിലൂടെ കൊതുക് നിയന്ത്രണം സാദ്ധ്യമാക്കിയിട്ടുണ്ട്. ഹെൽത്ത് ഇൻസ്പെക്ടർമാരും ഹെൽത്ത് സൂപ്പർവൈസർമാരും സാനിട്ടറി പ്രവർത്തനങ്ങൾക്കായി കളക്ടറുടെ കീഴിൽ പ്രവർത്തിക്കുന്നു. കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും രോഗ നിയന്ത്രണത്തിന് ഒ.ആർ.എസ് പാക്കറ്റുകൾ ഡിസ്പെൻസറി വഴി വിതരണം ചെയ്യുന്നതിനും സംവിധാനമുണ്ട്. ഹൃദ്രോഗാഘാതം മൂലമുള്ള മരണം, എച്ച്1-എൻ1 പനി തുടങ്ങിയവ പ്രതിരോധിക്കുന്നതിന് 6 ഭാഷകളിൽ ആരോഗ്യ വിവരങ്ങളടങ്ങിയ ബോർഡും ബാനറും പ്രദർശിപ്പിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് അഡീഷണൽ ചീഫ് സെക്രട്ടറി (ദേവസ്വം)യെ സർക്കാരിന്റെ മുഖ്യ കോ-ഓർഡിനേറ്ററായി നിയമിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ, ദേവസ്വം ബോർഡ് തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ബഹു. മുഖ്യമന്ത്രിയുടെയും ബഹു. ദേവസ്വം മന്ത്രിയുടെയും അദ്ധ്യക്ഷതയിൽ അവലോകന യോഗങ്ങൾ ചേരുകയും കാര്യങ്ങൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. പത്തനംതിട്ട ജില്ലാ കളക്ടറുടെ കീഴിലുള്ള സാനിട്ടേഷൻ സൊസൈറ്റി ശുചീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച പ്രധാന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1. നിലയ്ക്കലിൽ ഒരു വിശ്രമ പന്തൽ നിർമ്മിച്ചു.
2. 400 ലാട്രിനുകൾ നിർമ്മിച്ചു.
3. കുടിവെള്ളവിതരണ ശൃംഖല ഏർപ്പെടുത്തി.
4. കുടിവെള്ള സംഭരണികൾ നിർമ്മിച്ചു.
5. പാർക്കിംഗ് ഗ്രൗണ്ടിലേക്കുള്ള റോഡുകൾ നവീകരിച്ചു.
6. പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിച്ചു.
7. വിവിധ സർക്കാർ വകുപ്പ് ഉദ്യോഗസ്ഥൻമാർക്കും പോലീസ് ഉദ്യോഗസ്ഥൻമാർക്കും താമസിക്കുന്നതിനായി മൂന്ന് ബഹു നിലകെട്ടിടങ്ങൾ നിർമ്മിച്ചു. രണ്ട് എണ്ണത്തിന്റെ നിർമ്മാണ ജോലികൾ നടന്നുവരുന്നു.
8. ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി 400 Kg/hr ശേഷിയുള്ള ഇൻസിനറേറ്ററുകൾ സ്ഥാപിച്ചു.
9. ഡസ്റ്റ് ബിന്നുകൾ സ്ഥാപിച്ചു.
10. പാർക്കിംഗ് ഗ്രൗണ്ടുകൾ നിർമ്മിച്ചു.
11. പള്ളിക്കുളം നവീകരിച്ചു.
12. പമ്പയിൽ വിശ്രമപന്തൽ നിർമ്മിച്ചു. (20000 സ്കയർ ഫീറ്റ്)
13. പമ്പയിൽ പുതിയതായി 400 Kg/hr ശേഷിയുള്ള ഇൻസിനറേറ്ററുകൾ സ്ഥാപിച്ചു.
14. ഖരമാലിന്യങ്ങൾ ശേഖരിച്ച് വേർതിരിക്കുന്നതിനായി ഷെഡ്ഡുകൾ നിർമ്മിച്ചു.
15. അപ്പാച്ചിമേട്ടിലും നീലിമലയിലും ത്വര സൗകര്യങ്ങൾ ഉൾപ്പെടെയുള്ള കാർഡിയോളജി സെന്ററുകൾ സ്ഥാപിച്ചു.
16. പമ്പയിൽ 160 പുതിയ ലാട്രിനുകൾ നിർമ്മിച്ചു.
17. അപ്പാച്ചിമേട്ടിൽ വിശ്രമകേന്ദ്രം സ്ഥാപിച്ചു.
18. അപ്പാച്ചിമേട് ഭാഗത്ത് കുത്തനെയുള്ള കയറ്റം ലഘൂകരിച്ച് പാത വീതികൂട്ടി കോൺക്രീറ്റ് ചെയ്ത് ബാരിക്കേഡുകൾ നിർമ്മിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

19. പരമ്പരാഗതപാതയിൽ ലാട്രിൻ ബ്ലോക്കുകൾ നിർമ്മിച്ചു.

20. ചന്ദ്രാനന്ദൻ റോഡ് 7 മീറ്റർ വീതിയിൽ വീതി കൂട്ടി സംരക്ഷണ ഭിത്തി കെട്ടി കോൺക്രീറ്റ് ചെയ്തു.

21. അപ്പാച്ചിമേട്, നീലിമല ഭാഗത്ത് 4 സ്ഥലങ്ങളിൽ കാനന പാതയുടെ മുകളിൽ മേൽക്കൂര നിർമ്മിച്ചു.

22. ശബരിമലയിൽ 320 ലാട്രിനുകളും 80- ബാത്ത്റൂമുകളും നിർമ്മിച്ചു.

23. ശബരിമലയിൽ 20 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള രണ്ട് വാട്ടർ ടാങ്കുകൾ നിർമ്മിച്ചു.

24. സന്നിധാനത്തുനിന്നും മാളികപ്പുറത്തേക്കുള്ള ഫ്ലൈഓവറിന് മുകളിൽ മേൽക്കൂര നിർമ്മിച്ചു.

(ഇ) ഖരമാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി പമ്പയിലും ശബരിമലയിലും നിലവിലുള്ള 350 Kg/hr ശേഷിയുള്ള 2 ഇൻസിനറേറ്ററുകൾക്ക് പുറമേ 400 Kg/hr ശേഷിയുള്ള 2 ഇൻസിനറേറ്ററുകൾ പമ്പയിലും സന്നിധാനത്തും പുതിയതായി നിർമ്മിച്ചു. ശബരിമലയിൽ 5 എം.എൽ.ഡി.-യും പമ്പയിൽ 1.5 എം.എൽ. ഡി.-യും ശേഷിയുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ പമ്പാകർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കും.

നഗരസഭ, നഗരാസൂത്രണ വകുപ്പ് ഉദ്യോഗസ്ഥർക്ക് നൽകിയ പരിശീലനം

27(*57) ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. ജോർജ് എം. തോമസ് :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) നഗരസഭകളിലെ നഗരാസൂത്രണ വകുപ്പിലെയും സങ്കേതിക വിഭാഗം ഉദ്യോഗസ്ഥർക്ക് സിംഗപ്പൂരിലെ സാങ്കേതിക വിദഗ്ദ്ധരുടെ സഹകരണത്തോടെ ആവിഷ്കരിച്ച പരിശീലന പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) ഏതെല്ലാം മേഖലകളിലാണ് പരിശീലനം നൽകുന്നത്;

(സി) ഈ മേഖലകളിൽ പരിശീലനം നൽകുന്നതിന് സിംഗപ്പൂരിലെ സാങ്കേതിക വിദഗ്ദ്ധരുടെ സഹകരണം തേടിയതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) പരിശീലന പരിപാടിക്ക് സിംഗപ്പൂർ സർക്കാരിന്റെ സാമ്പത്തിക സഹായം ലഭിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly